## കേരളാ ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ്

**ഹാജർ:- പി.പ്രമോദ്**

വിഷയം:- ഡയറക്ടറേറ്റ് ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് - എറണാകുളം CHEMREC ലേക്ക് വകുപ്പിലെ ടെക്നിക്കൽ ഓഫീസർ, കെമിക്കൽ ഇൻസ്പെക്ടർ -മാരെ മാറ്റി നിയമിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നത് -

**<u>ഉത്തരവ് നമ്പർ: DFB/1035/2023-E1 തീയതി:27/04/2023</u>**

പരാമർശം :- 1. GO (Rt) No.618/12/LBR dated:24/04/2012
2. WP(C) 10924/12 file by Sri. M.T. Raji, Chemical Inspector & 4 Others
3. IA.702/2015 in WP(C ) No.10924/2012(M)
4. Judgement dated 03/03/2023 on WP(C ) No.10924 of 2012

**<u>ഉത്തരവ്</u>**

ഈ വകുപ്പിന്റെ സുരക്ഷാവിംഗ് ആയ CHEMREC ന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി വകുപ്പിലെ എല്ലാ കെമിക്കൽ ഇൻസ്പെക്ടർമാരെയും CHEMREC ലേക്ക് മാറ്റിക്കൊണ്ട് സർക്കാർ പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടി ഉത്തരവിനെതിരെ വകുപ്പിലെ കെമിക്കൽ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. M.T. റജിയും മറ്റ് കെമിക്കൽ ഇൻസ്പെക്ടർമാരും ബഹു. ഹൈക്കോടതിയിൽ പെറ്റിഷൻ WP(C) 10924/12 ഫയൽ ചെയ്യുകയുണ്ടായി. തുടർന്ന് ബഹു. ഹൈക്കോടതി 28-06-2013 ലെ ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവ് പാലിക്കുവാൻ നിർദ്ദേശിച്ചു. ടി ഉത്തരവിനെതിരെ ശ്രീ. M.T. റജിയും കൂട്ടരും IA No. 702/15 WP(C) 10924/12 ഫയൽ ചെയ്യുകയും അതേ തുടർന്ന് ബഹു.ഹൈക്കോടതി 16-01-2015 ന് ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും സർക്കാർ ഉത്തരവ് 4 ആഴ്ച കാലയളവിലേക്ക് സ്റ്റേ ചെയ്യുകയും ചെയ്തു. തുടർന്ന് കോടതിയുടെ ഇടക്കാല ഉത്തരവ് 31-12-2015 ന് വരികയും സ്റ്റേ ഓർഡർ, തുടർന്ന് ഉത്തരവ് വരുന്നതുവരെ നീട്ടുകയും ചെയ്യുകയുണ്ടായി.

പ്രസ്തുത പെറ്റിഷൻ dispose ചെയ്തുകൊണ്ടുള്ള ബഹു.ഹൈക്കോടതിയുടെ വിധി പരാമർശം (4) പ്രകാരം ലഭിച്ചിട്ടുണ്ട്. ടി വിധിന്യായത്തിന്റെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു.

"Administrative power of the Government cannot be challenged at the hands of the employees as the nature of duties on transfer has not been changed, much less the pay scales. No illegality and perversity has been pointed out regarding the establishment of CHEMREC. It is settled law that functioning of the Government while exercising the powers under the State list or concurrent list under Schedule 7 of the Constitution of India cannot be interdicted".

WP(C) 10924/12 ബഹു ഹൈക്കോടതി dispose ചെയ്ത സാഹചര്യത്തിൽ 2012 ലെ സ്റ്റേ ഓർഡർ നിലനിൽക്കുന്നില്ല എന്ന് വ്യക്തമായ സാഹചര്യത്തിലും മാറ്റ് ഉത്തരവുകൾ ഒന്നും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിലും പരാമർശം (4) ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പിൽ ജോലി ചെയ്യുന്ന ശ്രീ. ജി. ജയകുമാർ. (ടെക്നിക്കൽ ഓഫീസർ), ശ്രീമതി. എസ്.ബി. ബീന ( കെമിക്കൽ ഇൻസ്പെക്ടർ), ശ്രീ. കെ. ശ്രീകുമാർ ( കെമിക്കൽ ഇൻസ്പെക്ടർ), ശ്രീ.

ബി.സിയാദ് ( കെമിക്കൽ ഇൻസ്പെക്ടർ) എന്നിവരെ എറണാകുളത്തെ CHEMREC ലേക്ക് സ്ഥലം മാറ്റിക്കൊണ്ട് ഉത്തരവാകുന്നു. ടി ടെക്നിക്കൽ ഓഫീസർ, കെമിക്കൽ ഇൻസ്പെക്ടർമാർ CHEMREC ൽ ചാർജ് എടുത്ത ശേഷം പ്രസ്തുത വിവരം ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ടെക്നിക്കൽ ഓഫീസർ shift സംബന്ധമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

(ഒപ്പ്)

ഡയറക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്

സ്വീകർത്താവ്

1. ശ്രീ. ജി. ജയകുമാർ. (ടെക്നിക്കൽ ഓഫീസർ),
2. ശ്രീമതി. എസ്.ബി. ബീന ( കെമിക്കൽ ഇൻസ്പെക്ടർ),
3. ശ്രീ. കെ. ശ്രീകുമാർ ( കെമിക്കൽ ഇൻസ്പെക്ടർ),
4. ശ്രീ. ബി. സിയാദ് ( കെമിക്കൽ ഇൻസ്പെക്ടർ)

പകർപ്പ്

എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും

CA to DF&B

അംഗീകാരത്തോടെ അയയ്ക്കുന്നത്

P. S. B

സീനിയർ സൂപ്രണ്ട്